## *മുഖവുര*

### തിരുവചനത്തിലെ അവസാനഗ്രന്ഥമായ വെളിപ്പാട്

ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കും വരെ ആരും പഠിപ്പിച്ചിട്ട് പഠിക്കുവാൻ സാധിച്ചിട്ടില്ലായിരുന്നു. ജോലിയിൽ നിന്നും വിരമിച്ച് പ്രാർത്ഥനകൾക്ക് പോയിത്തുടങ്ങിയപ്പോൾ ആ സ്ഥലങ്ങളിലെ ജനങ്ങളുടെ ആഗ്രഹപ്രകാരം ഒരദ്ധ്യാപികയായ ഞാൻ ഈ പുസ്തകം പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്തു മറ്റ് പലർക്കും കൂടി ഈ പഠനപരമ്പര പ്രയോജനപ്പെടപവാനായി ഞങ്ങളുടെ മക്കളാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തത് ഈ പഠനം മറ്റുള്ളവരിലെത്തിക്കുവാൻ പ്രധാനസഹായികളായി പ്രവർത്തിച്ച നെക്സസ് കംപ്യൂട്ടേഴ്സിലെ ഷിബുവിനോടും സഹപ്രവർത്തകരോടുമുള്ള നന്ദി ഈ സമയം രേഖപ്പെടുത്തുന്നു ദൈവവചനത്തിന്റെ സഹായത്തോടെ ഈ പുസ്തകം ശ്രദ്ധയോടെ പഠിച്ച് അനുഗ്രഹീതരാകുവാൻ ദൈവം സഹായിക്കട്ടെ ഈ ദൈവകൃപ അടിയന് ദാനമായി തന്ന സ്നേഹത്തിന്റെ മുൻപിൽ ശിരസ്സ് നമിക്കുന്നു. ദൈവത്തിന് സ്തോത്രം.

*ക്രിസ്തുവിൽ*

ശാന്തമ്മ വറുഗീസ്
തെക്കോട്ടിൽ
വടശ്ശേരിക്കര

## *യോഹന്നാനു ഉണ്ടായ വെളിപ്പാട്*

വെളിപ്പാട് എന്ന വാക്കിന്റെ ഗ്രീക്കുപദം അപ്പോകാലുപ്സിസ് എന്നാണ് വെളിപ്പാട് എന്ന പദത്തിന്റെ അർത്ഥം ദൈവീകർമ്മങ്ങളുടെ മറനീക്കൽ എന്നാണ് .

## *ഈ പുസ്തകത്തിന്റെ പ്രത്യേകതകൾ*

1. പുതിയ നിയമത്തിലെ ഏകപ്രവചനഗ്രന്ഥം
2. അനുഗ്രഹം വാഗ്ദാനം ചെയ്തിരിക്കുന്ന ഗ്രന്ഥം
3. ഇത് സമാപ്തിയുടെ പുസ്തകം
4. 7 ന്റെ വലിയൊരു നിരതന്നെ കാണാം

## *ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്*

വെളി (1:1) ൽ പിതാവ് പുത്രനുവെളിപ്പെടുത്തി പുത്രൻ അത് ദൂതൻ മുഖാന്തരം തന്റെ ദാസനായ യോഹനാന് വെളിപ്പെടുത്തി യോഹന്നാൻ എവിടെയായിരുന്നു ? - പത്മോസ് ദ്വീപിൽ (വെളി.1:9) എങ്ങനെ അവിടെ എത്തി ?

ക്രിസ്ത്യാനികളെ റോമൻ ചക്രവർത്തിമാരും സഭാനേതാക്കളും ക്രൂരമായി പീഡിപ്പിച്ച ഒരു കാലം ചരിത്രത്തിലുണ്ടായിരുന്നു. എ.ഡി 81 ൽ സ്ഥാനമേറ്റ റഡാമിഷ്യൻ, എ.ഡി 54 -68 കാലയളവിലെ നീറോ ഇവരെല്ലാം മഹാക്രൂരന്മാരായിരുന്നു. യോഹന്നാനെ ഡൊമീഷ്യൻ ചക്രവർത്തായാണ് പത്മോസിലേക്ക് നാടുകടത്തിയത് റോമൻ കൈസറെ കർത്താവായി അംഗീകരിക്കുവാൻ മടിച്ചതിനാൽ എണ്ണയിലിട്ടു എന്നും ഒന്നും സംഭവിക്കാത്തതിനാൽ മന്ത്രവാദിയും രാജ്യദ്രോഹിയുംമായി മുദ്രകുത്തി പത്മോസ് ദ്വീപിലേക്ക് നാടുകടത്തി എന്ന ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണയിലിട്ട യോഹന്നാന് ഹാനി ഒന്നും സംഭവിക്കാത്തതിനാൽ അദേഹത്തിന്റെ ഭാര്യയെ തിളച്ച എണ്ണയിലിട്ട് കൊന്നു എന്ന് ഒരു ഐതീഹ്യമുണ്ട്.

## *പത്മോസ് ദ്വീപ്*

ഏകദേശം 8 മൈൽ നീളം 4 മൈൽ വീതിയുള്ള ഒരു ചെറിയ ഗ്രാമം പാറക്കൂട്ടങ്ങളാൽ നിബിഢമായ ചെറിയ ദ്വീപ് തണലിന് മരങ്ങളില്ല പാമ്പ്, തേളുകൾ ഇവയാൽ മാത്രമല്ല അസ്ഥിക്കുമ്പാരങ്ങളാലും ഭീകരം തളം കെട്ടിനിൽകുന്ന സ്ഥലം ശവപറമ്പിന്റെ മുകളിൽ കഴുകനും വട്ടമിട്ട് പറന്നിരുന്നു എ.ഡി.97 ഡൊമിഷ്യൻ ചക്രവർത്തി മരിക്കും വരെ തന്റെ ദാസനെ കർത്താവ് കാത്ത്സൂക്ഷിച്ചു പത്മോസ് സാത്താന് വൻപരാജയമായിരുന്നു

ഇന്ന് പത്മോസ് - മനോഹരമായ ഒരു പട്ടണമായി തലഉയർത്തി നില്കുന്നത് ദൈവസാനിദ്ധ്യത്തിന്റെ മഹത്വമാണെന്ന് സംശയലേശമെന്യേ നമുക്ക് പറയാം

**അദ്ധ്യായം (1)**

**വെളി (1:1-3)**

അർക്ക് നൽകുവാനായി എഴുതി ? തന്റെ ദാസന്മാർക്ക്

ദാസന്മാരുടെ യോഗ്യതകൾ

1. അശുദ്ധി ഏല്കാതെ സ്വയം സൂക്ഷിക്കുവാൻ കഴിയുന്നവർ

(ദാനി 1:8, 3:26)

2. സ്വതന്ത്രരാണ് അതേസമയം ദാസന്മാരുമാണ്

(bond slave)

3. ഉതിമെ (2:24) ൽ കാണുന്ന ലക്ഷണമുള്ളവർ

4. യജമാനനുവേണ്ടി അദ്ധ്വാനിക്കുന്നവൻ

5. വിളക്കിലും പാത്രത്തിലും എണ്ണകരുതിവർ

എന്തിനാണ് ദാസന്മാരെ കാണിക്കുന്നത്

-വേഗത്തിൽ സംഭവിപ്പാനുള്ളതാകയാൽ

ഈ പ്രയോഗം രണ്ട് കാര്യങ്ങളെ കാണിക്കുന്നു

1. കർത്താവ് വരുന്നതിന് കാലതാമസം ഇല്ല

2. കർത്താവ് നിശ്ചയമായും വരും എന്നു കാണിക്കുന്നു.

സാക്ഷി - അക്ഷിയോടുകൂടിയവൻ (വെളി.1:2)

സാക്ഷിക്കുക - കണ്ടത് അഥവാ അനുഭവിച്ചത് മാത്രം പറയുക .

പ്രവചനത്തിന്റെ ആത്മാവ് യേശുവിനെ സാക്ഷിക്കുവാനുള്ള കരുക്കൾ നമുക്ക് പ്രദാനം ചെയ്യുന്നു പ്രവചന പഠനത്താലും, പ്രസംഗത്താലും, എഴുത്തുമുഖേന അത് നടക്കണം.

ത്രീവിധ ഭാഗ്യവസ്ഥ വെളി (1: 3)

ഈ പുസ്തകം വായ്ക്കാതിരിക്കുന്നതും കേൾക്കാതിരിക്കുന്നതും പാപമാണ് ഇതിൽ എഴുതിയിരിക്കുന്നത് പ്രമാണിപ്പാൻ കഴിയുന്നവർ ഭാഗ്യവാന്മാരാണ്

(ശ്രദ്ധിക്കുക - സമയം അടുത്തിരിക്കുന്നു (വെളി 1:3) അതിനാൽ വചനം പഠിക്കുക ഈ പുസ്തകം വായ്ക്കാത്തതും പഠിക്കാത്തതും പാപമാകയാൽ ദയവായി (വെളി 1:3) ലെ ഭാഗ്യവസ്ഥപ്രാപിപ്പാൻ ഒരുങ്ങുക സമയം പാഴാക്കികളയരുതെ)

കർത്തൃദിവസത്തിൽ കേട്ടമഹാനാദം (വെളി 1:4-11)

കർത്തൃദിവസം - ഉയർപ്പിന്റെ സുദിനം യേശു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റ ദിവസം - ഞായർ

**<u>മറ്റുചില പ്രത്യേകതകൾ</u>**

1. പുനരുത്ഥാനത്തിനുശേഷം യേശുശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത് ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം (യോഹ 20:19)

2. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പെന്തക്കോസ്തുനാളിൽ ആരോഹണം ചെയ്തത് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആരോഹണം ചെയ്ത് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ - ഞായറാഴ്ച

3. ആദ്യനൂറ്റാണ്ടിൽ വിശ്വസികൾ ഒത്തുകൂടിയത് ആഴ്ചവട്ടത്തിന്റെ

ഒന്നാംദിവസം (1 കൊരി 16:1-3)

അപമ്മനുറുക്കൻ (അ.പ്ര 20:7)

'On the Lords Day i was in the sprit' എന്ന് (E.B) ൽ കാണുന്നു. ഇവിടെ കർത്തൃദി

വസത്തിൽ പ്രതികൂലസാഹചര്യത്തിലും. യോഹന്നാൻ ആത്മവിവശനായി അഥവ ആത്മാമിലായി എന്ന് കാണുന്നു. പത്മോസിലാക്കുന്നതിന് ഏകദേശം വർഷം മുമ്പ് പെന്തക്കോസ്തനാളിൽ ആത്മസ്നാനം പ്രാപിച്ചവന് ഇന്നും അതിന് ഒരു കുറവും സംഭവിച്ചിട്ടില്ല.

(ഇവിടെ ആരാധിപ്പാൻ കുട്ടുവിശ്വാസികളില്ല. ആരാധന നയിക്കുവാനോ,താളമേളത്തിനോ ആളില്ല. കടുത്ത ഏകാന്തത, മടുപ്പിക്കുന്ന ചുറ്റുപാട് ഇവിടെയും യോഹന്നാൻ ആത്മാവിലായിത്തീർന്നു. നാം ആയിരിക്കുന്ന സാഹര്യത്തിൽ നമുക്ക് അതിന് കഴിയുന്നുണ്ടോ

(വായിക്കുക-അ-പ്ര27-18-24)

യോഹന്നാന് ലഭിച്ചനിർദേശം-നീകാണുന്നത് എഴുതി 7 സഭകൾക്ക് അയക്കുക(വെളി 1.11)

എഴുതുമ്പോൾ സമാധാനം ആശംസിക്കുക എന്നത് എബ്രായരീതിയാണ്(5- വാക്യം)

ആരിൽ നിന്നുമാണ് കൃപയും സമാധാനവും ലഭ്യമാകുന്നത് (4ഉം 5ഉം വാക്യങ്ങൾ)

യേശുക്രിസ്തുവിന്റെ ത്രിവിധസ്ഥാനപ്പേരുകൾ (വാക്യം5)

യേശുനമുക്കുവേണ്ടി എന്തുചെയ്തു(വാക്യം 6)

നമ്മുടെ പ്രത്യാശയുടെ പ്രഖ്യാപനം(വാക്യം 7)

അവൻ മേഘരൂഢനായി വരുന്നു. ആരാണ് അവൻ (വാക്യം 8)

ആത്മവിവശതയിലാക്കുന്ന ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവങ്ങൾ (1.13-20)

ദൈവശബ്ദം കേട്ടു.(വാക്യം11)

**ദൈവത്തെ (സപ്തമഹിമാവിഭൂഷിതനെകണ്ടു അവന്റെ 7 പ്രത്യേകതകൾ**

(1) തലയും തലമുടിയും (1.14) വെളുത്തമുടി അവന്റെ നിത്യആസ്തിത്വത്തെ കാണിക്കുന്നു. ഇംഗ്ലണ്ടിലെ ന്യായാധിപൻമാർ വെളുത്തമുടി വയ്ക്കാറുണ്ട് യേശു ജ്ഞാനവും അധികാരവുംഉണ്ട്. നീതിയുള്ള ന്യായാധിപതിയാണ്.

(2) കണ്ണ്- അഗ്നി ജ്വാലയൊക്കത്തത്

ന്യായവിധിയുടെ കണ്ണ്

(3) കാൽ- ഉലയിൽ ചുട്ടുപഴുത്ത വെള്ളോടിന് സദൃശ്യമ(1.15)

(പിച്ചളയിൽ വെള്ളിചേർത്ത് വാർത്തുണ്ടാകുന്ന

**ദാനി 10.6) (യെഹ 1.7)**

(4) ശബ്ദം- പെരുവെള്ളത്തിന്റെ ഇരച്ചിൽ

(5) കൈകൾ -7 നക്ഷത്രങ്ങൾ വലകയിൽ പിടിച്ചിരിക്കുന്ന (1.6)

മഹാസമുദ്രത്തിലെ വെള്ളങ്ങളെ ഉള്ളം കയ്യിൽ കൊള്ളിക്കുന്നവന്റെ കരങ്ങളിൽ 7 നക്ഷത്രങ്ങൾ (7 ദൂതൻമാർ 1.20)വഹിച്ചിരിക്കുന്നു. സഭയുടെ ദൂതൻമാർ അഥവാ മൂപ്പൻമാർ,ഭരണാധികാരികൾ ഇവർ കർത്താവിന്റെ കരങ്ങളിലാണ് ആർക്കും അവരെ തട്ടിഎടുപ്പാൻ കഴിയുകയില്ല.

(6) വായ് -ഇവിടെ നിന്നും പുറപ്പെടുന്നവാൾ ന്യായവിധിയുടെ വാളാണ് (1.16)

(ദൈവ വചനത്തെയും ഇരുവായ്ത്തലയുള്ള വാളായി ചിത്രീകരിക്കുവന്നു)

(7) മുഖം - സൂര്യൻ ശക്തിയോടെ പ്രകാശിക്കുപോലെ (1.16)

**<u>സപ്തമഹിമാ വിഭൂഷിതന്റെ വേഷം</u>**

നിലയങ്കിധരിച്ചവൻ- (ത്രീവിധ ഔദ്യോഗിക സ്ഥാനത്തെ കാണിക്കുന്നു) ഏതെല്ലാം

(1) മഹാപുരോഹിതൻ (പുറ.28-4, 29,5)

(2) പ്രവാചകൻ - ദൂതറിയിക്കുന്നവന്റെ വേഷം (ദാനി 10.5)

(3) രാജാവ് -1 ശമു 18.4,24,11)

(b) മാറത്ത് പൊൻകച്ച കെട്ടിയവൻ-ഇത് അവന്റെ മഹത്വത്തെയും അധികാരത്തെയും കാണിക്കുന്നു

(c) മനുഷ്യപുത്രനോട് സദ്യശ്യൻ - തീമൈ(2,5,6)

താക്കോൽ വാചകങ്ങൾ (1 .19)

(1) നീ കാണിന്നത് - ക്രിസ്തുവിന്റെ ദർശനം യോഹന്നാൻ കണ്ടത്

(2) ഇപ്പോൾ ഉള്ളത് - സഭകാലയളവ് കർത്താവിന്റെ മദ്ധാകാശ വരവുവരെയുള്ളത്

(3) ഇവയ്ക്കുശേഷം സംഭവിക്കാനുള്ളത്

4 സഭാകലയളവിനുശേഷമുള്ള സംഭവം ഇങ്ങനെ ഈ പുസ്തകത്തെ പഠിക്കുവാൻ സഹായിക്കുന്ന താക്കോൽ വാക്യമാണ് വെളി(1.19)

ഏഴ് പൊൻ നിലവിളക്ക്

**ക്രിസ്തുവാം വിളിക്കിനെ വഹിക്കുന്ന തണ്ടു മാത്രമാണ് ദൈവസഭ**

പ്രിയസഹോദരങ്ങളെ കർത്താവിന്റെ തേജസ്സ്നമ്മുടെ മുഖത്ത് പ്രതിബിംബിച്ച് വിളങ്ങുന്നത് മാറ്റുള്ളവർ കാണണം മോശയുടെ മുഖം പ്രകാശിക്കുന്നത് യിസ്രായേൽ ജനം കണ്ടതുപോലെ തന്നെ പുൽത്തൊട്ടിയിലെ യേശുകുഞ്ഞിനെയല്ല സപ്തമഹിമാ വിഭൂഷിതനായ നീതിയുള്ള ന്യായാധിപതിയെകാണുക. കർത്താവിന്റെ മക്കൾ കർത്താവിനെപ്പോലെ ആകുവാൻ ദൈവം കൃപചെയ്യട്ടെ.